പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3307 | 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി റാന്നി ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ഷെഡ്യൂളുകളാണ് നിലവിൽ ഉള്ളത്; ഇതിൽ എത്ര സർവ്വീസുകൾ ഇപ്പോൾ നടക്കുന്നുണ്ട്; | (എ) | 2017 മാർച്ച് മാസത്തെ കണക്ക് പ്രകാരം 13 ആർ.ടി.സി ഷെഡ്യൂളുകളും ഒരു ടേക്ക് ഓവർ സർവ്വീസും, 2 ജൻറം സർവ്വീസുകളും ഉൾപ്പെടെ 16 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്ത് വരുന്നത്. റാന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2 നോൺ എ.സി ജൻറം ഉൾപ്പെടെ 16 ഷെഡ്യൂളുകളാണ് ഉള്ളത്. ഈ ഷെഡ്യൂളുകൾ നടത്തുന്നതിനായി നിലവിൽ 2 ജൻറം ബസുകൾ ഉൾപ്പെടെ 19 ബസുകൾ ഉണ്ട്. |
| (ബി) | പ്രസ്തുത ഓപ്പറേറ്റിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കാമോ; ഇതനുസരിച്ച് ഇപ്പോൾ ഓരോ തസ്തികയിലും എത്ര ജീവനക്കാരുടെ കുറവുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | (പട്ടിക താഴെ) |

| തസ്തിക | ആവശ്യമായ ജീവനക്കാർ | നിലവിലുള്ള ജീവനക്കാർ | | ജീവനക്കാരുടെ കുറവ് |
|---|---|---|---|---|
| | | സ്ഥിരം | എംപാനൽ | |
| ഇൻസ്പെക്ടർ-ഇൻ-ചാർജ്ജ് | 0 | 1 | - | 0 |
| ചാർജ്ജ്മാൻ | 1 | 1 | - | 0 |
| സ്റ്റേഷൻ മാസ്റ്റർ | 0 | 0 | - | 0 |
| വെഹിക്കിൾ സൂപ്പർവൈസർ | 0 | 1 | - | 0 |
| മിനിസ്റ്റീരിയൽ | 3 | 1 | 1 | 1 |
| ഡ്രൈവർ | 44 | 34 | 2 | 8 |
| കണ്ടക്ടർ | 44 | 21 | 22 | 1 |
| മെക്കാനിക്ക് | 11 | 8 | 2 | 1 |
| സ്റ്റോർ അസിസ്റ്റന്റ് | 0 | 0 | 0 | 0 |
| ഗാർഡ് | 3 | 0 | 3 | 0 |
| പ്യൂൺ | 0 | 0 | 0 | 0 |

| | | | |
|---|---|---|---|
| (സി) | യാത്രാക്ലേശം രൂക്ഷമായ മലയോര മേഖലയായ റാന്നിയിൽ പൊതു ഗതാഗത സംവിധാനം മെച്ചപ്പെടു | (സി) യും | മലയോര മേഖലയായ പത്തനംതിട്ട ജില്ലയിലെ റാന്നി മേഖലയിലെ യാത്രാക്ലേശം പരിഹരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് റാന്നി ഓപ്പറേറ്റിംഗ് സെന്റർ 15.02.2013-ൽ രൂപീകരിച്ചത്. നിലവിൽ 16 സർവ്വീസു |

| | | | |
|---|---|---|---|
| | ത്താൻ റാന്നി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ വഴി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) യും | കളാണ് വിവിധ മേഖലകളിലായി അയച്ച് വരുന്നത്. വരുമാനം കുറവുള്ള സർവ്വീസുകൾ സംസ്ഥാനാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ച് വരികയാണ്. വരുമാന വർദ്ധനവും, യാത്രാ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി തുടർ നടപടികൾ എല്ലാ യൂണിറ്റിലും സ്വീകരിച്ച് വരികയാണ്. ഒറ്റപ്പെട്ട മേഖലയിലേക്കും മലയോര മേഖലയിലേക്കുമുള്ള സർവ്വീസുകൾ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ട്രിപ്പുകൾ പരമാവധി നഷ്ടപ്പെടാത്ത വിധത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള ഷെഡ്യൂളുകൾ തടസ്സപ്പെടാതിരിക്കാനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും നടപടികൾ സ്വീകരിക്കുമോ; | | |
| (ഇ) | സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ ജോലി ചെയ്യുന്നവരും എന്നാൽ റാന്നിയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടവരുമായ ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകാതിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ജീവനക്കാരുടെ അഭാവം മൂലം എ ക്ലാസ് ഷെഡ്യൂളുകൾ പോലും റദ്ദാക്കേണ്ടി വരുന്ന സാഹചര്യത്തിൽ റാന്നിയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ ജീവനക്കാർക്കും സ്ഥലം മാറ്റം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | റാന്നിയിലേക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ജീവനക്കാരിൽ നിന്നും ലഭ്യമായാൽ സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ